## ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം

നം.എൻ.എഫ്.റ്റി.ഡബ്ല്യൂ./555/2017/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 06.06.2017.

### സർക്കുലർ

വിഷയം: ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം– അധ്യാപകരുടെ മക്കൾ–സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് എസ്.എസ്.എൽ.സി./ഹയർസെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകുന്നത് –സംബന്ധിച്ച്.

സൂചന: ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷന്റെ 19.03.2015–ൽ കൂടിയ സംസ്ഥാന പ്രവർത്തകസമിതിയുടെ തീരുമാനം.

ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ കേരള ഘടകത്തിന്റെ 19.03.2017–ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ പ്രവർത്തക സമിതി യോഗത്തിൽ അധ്യാപകരുടെ മക്കൾ–സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2017 മാർച്ച് എസ്.എസ്.എൽ.സി./ഹയർ സെക്കന്ററി സ്റ്റേറ്റ് സിലബസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച വിശദവിവരവും അപേക്ഷാ ഫോറവും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പൂരിപ്പിച്ച അപേക്ഷാ ഫോറവും അനുബന്ധരേഖകളും (2 കോപ്പി) 2017 ജൂൺ മാസം 30–ാം തീയതിയ്ക്കുള്ളിൽ വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. **അസിസ്റ്റന്റ് സെക്രട്ടറി, ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം–14** എന്ന വിലാസത്തിൽ അയയക്കേണ്ടതും, അപേക്ഷയുടെ പുറത്ത് **'ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ ക്യാഷ് അവാർഡ്'** എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. അപൂർണ്ണവും, അനുബന്ധരേഖകൾ ഇല്ലാത്തതും, സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും തങ്ങളുടെ കീഴിലുള്ള പ്രഥമാദ്ധ്യാപകർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. അപേക്ഷാഫാറം www.education.kerala.gov.in എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

സെക്രട്ടറി–ട്രഷറർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

**നോട്ട്–വിദ്യാഭ്യാസ ആഫീസർമാർ ഈ സർക്കുലർ പ്രഥമാധ്യാപക യോഗത്തിൽ വായിക്കുകയും പ്രഥമാദ്ധ്യാപകൻ സ്വവിദ്യാലയത്തിലെ അധ്യാപകരെ മുഴുവൻ ഇക്കാര്യം അറിയിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.**

വിലാസം

അസിസ്റ്റന്റ് സെക്രട്ടറി,
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ,
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം–14 ഫോൺ– 0471–2580574

7.6.17

"ഭരണഭാഷ - മാതൃഭാഷ"

# ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ,കേരളം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

**അദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി/ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും A+ വാങ്ങുന്ന വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡിനുള്ള അപേക്ഷ**

റവന്യൂ ജില്ല: ________ വിദ്യാഭ്യാസ ജില്ല: ________

1. അപേക്ഷകനായ അധ്യാപകന്റെ /അധ്യാപികയുടെ :
   പേര്, മൊബൈൽ നമ്പർ, ഉദ്യോഗപ്പേര്
2. പൂർണ്ണ ഔദ്യോഗിക വിലാസം :
3. കുട്ടിയുടെ പേര് :
4. പഠിച്ച സ്കൂളിന്റെ വിലാസം :
5. പരീക്ഷ എഴുതിയ വർഷം :
   രജിസ്റ്റർ നമ്പർ :
   എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചിട്ടുണ്ടോ? :

സ്ഥലം :

അപേക്ഷകന്റെ ഒപ്പ്:

തീയതി :

## അധ്യാപകൻ/അധ്യാപിക ജോലി ചെയ്യുന്ന വിദ്യാലയത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം

ശ്രീ/ശ്രീമതി .......... ഈ വിദ്യാലയത്തിലെ അധ്യാപകൻ/അധ്യാപികയാണെന്നും ഈ വിദ്യാലയം സർക്കാർ / എയിഡഡ് വിദ്യാലയമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ആഫീസ് മുദ്ര

സ്ഥാപന മേലധികാരിയുടെ ഒപ്പ്

(മറുപുറം)

## കുട്ടി പഠിച്ചിരുന്ന വിദ്യാലയത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം

........................................................ എന്ന കുട്ടി ഈ സ്ഥാപനത്തിൽ പഠിച്ച് 2015 -ലെ എസ്.എസ്.എൽ.സി/പ്ലസ് 2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടി വിജയിച്ചിട്ടുണ്ടെന്നും ഈ സ്ഥാപനം സർക്കാർ/എയിഡഡ് വിദ്യാലയമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ആഫീസ് മുദ്ര

സ്ഥാപന മേലധികാരിയുടെ ഒപ്പ്

അപേക്ഷ നമ്പർ

ലഭിച്ച തീയതി

അസിസ്റ്റന്റ് സെക്രട്ടറിയുടെ അഭിപ്രായം

ഒപ്പ് :